# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 25
## 28/10/2019 -ലെ മറുപടിക്ക്

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

**ചോദ്യം:**

**ശ്രീ. കെ. എം. ഷാജി**

**മറുപടി :**

**ശ്രീ. പിണറായി വിജയൻ**
**ബഹുമാനപ്പെട്ട മുഖ്യമന്ത്രി**

| ചോദ്യം: | മറുപടി : |
| --- | --- |
| (എ) സംസ്ഥാനത്ത് പോലീസ് ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ഉപയോഗത്തിന് നൽകിയിട്ടുള്ള വാഹനങ്ങൾ ഇതര ആവശ്യങ്ങൾക്ക്, പ്രദർശന ബോർഡ് നിലനിർത്തിയും അധികവും ബോർഡ് ഇളക്കി മാറ്റിയും ദുരുപയോഗം ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് സർക്കാർ കാര്യമായി ഒന്നും ചെയ്യുന്നില്ലായെന്ന ആക്ഷേപം ഗൗരവമായി കാണുന്നതിന് തയ്യാറാകുമോ; | (എ) ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്നതായുള്ള പരാതി ലഭ്യമാകുന്ന പക്ഷം ആവശ്യമായ അന്വേഷണം നടത്തി നടപടി സ്വീകരിയ്ക്കുന്നതാണ്. |
| (ബി) ഇത്തരം വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്തേണ്ടവർ പ്രസ്തുത ഉദ്യോഗസ്ഥരുടെ ഔദ്യോഗിക പദവിക്കും താഴെയാണെന്നതിനാൽ ഇക്കാര്യത്തിൽ നടപടിക്ക് ഒട്ടും സാധ്യത ഇല്ലെന്നത് ശ്രദ്ധിച്ചിട്ടുണ്ടോ ; | (ബി) സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് വാഹന ദുരുപയോഗം സംബന്ധിച്ച പരിശോധന നടത്തുന്നത്. ഇത് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലാണ് അംഗീകരിക്കുന്നത്. ആയതിനാൽ ദുരുപയോഗം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുവാൻ യാതൊരു തടസ്സവും നിലവിലില്ല. |

| | |
|---|---|
| സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായിട്ടും എത്ര ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്താനായി; അതിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; വിശദവിവരം ലഭ്യമാക്കുമോ ? | (സി) 32 - ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്താനായി. ഈ ജീവനക്കാർക്കെതിരെയെല്ലാം നടപടി ശുപാർശ ചെയ്തിട്ടുണ്ട്. അതാത് ഭരണ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്. (വിശദവിവരം അനുബന്ധം 1- ൽ കാണാവുന്നതാണ്. ) |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ക്രമ നം. | ക്രമക്കേട് |
|---|---|
| 1 | കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള KL-38 D, 8408 എന്ന വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. 24.02.2003 -ലെ സ.ഉ.(എം.എസ്) നം.113/2003/ധന ഉത്തരവിലെ ഖണ്ഡിക 18 അനുശാസിക്കുന്നത് പ്രകാരം 7005/- രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 2 | കൽപ്പറ്റ മുൻസിപ്പൽ സെക്രട്ടറിയായ ശ്രീ. രവീന്ദ്രൻ കെ.ജിയുടെ ഔദ്യോഗിക വാഹന ദുരുപയോഗം കണ്ടെത്തുകയും 6,262/- രൂപ അദ്ദേഹത്തിൽ നിന്ന് ഈടാക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 3 | വയനാട് കളക്ടറേറ്റിലെ ഡെപ്യൂട്ടി കളക്ടർ (RR) ശ്രീമതി സി.എം. വിജയലക്ഷ്മിയുടെ ഔദ്യോഗിക വാഹന ദുരുപയോഗം കണ്ടെത്തുകയും 4,338/- രൂപ അവരിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 4 | ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിച്ച സർക്കാർ വാഹനം കല്ലട ജലസേചന പദ്ധതിയുടെ തെന്മല (RB) സബ് ഡിവിഷൻ നം. II അസി . എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.സുജ.എസ്.എസ് ദുരുപയോഗം ചെയ്തതായി പരിശോധനയിൽ കണ്ടെത്തി. ശ്രീമതി. സുജ.എസ്.എസ്. യാത്ര ബത്ത ഇനത്തിൽ അനധികൃതമായി കൈപ്പറ്റിയ 1,600/ - രൂപ 18 % പലിശ സഹിതം ഒടുക്കുവാനും 2016 വർഷത്തിൽ ഏറ്റവും കൂടുതൽ ഇന്ധനം ഉപയോഗിച്ച മാസം ഇന്ധന ചെലവിനത്തിൽ വന്ന തുകയുടെ 50% ആയ 3007/- രൂപ ഈടാക്കുന്നതിനും 10/11/17 ൽ KIP(RB) സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 9.10.2018 തീയതിയിൽ ടിയാരി 4895/- രൂപ ട്രഷറിയിൽ ഒടുക്കി ചെലാൻ ചീഫ് എൻജിനീയർ വഴി സമർപ്പിച്ചിട്ടുണ്ട്. |
| 5 | പൊതുമരാമത്ത് വകുപ്പിന്റെ (കെട്ടിട വിഭാഗം) കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ശ്രീമതി. നസീം വി.ഐ., ശ്രീമതി. ജയ.കെ.എ എന്നിവർ ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിച്ച സർക്കാർ വാഹനം ദുരുപയോഗം ചെയ്തതായി പരിശോധനയിൽ കണ്ടെത്തി. അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് 14.02.2019 ലെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന ഭരണവകുപ്പിനു കൈമാറി. നടപടി റിപ്പോർട്ട് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല. |
| 6 | പാലിന്റെ ഗുണ നിലവാരം നിർണ്ണയിക്കുന്നതിനുള്ള മൊബൈൽ ലബോറട്ടറിയായി ഉപയോഗിക്കുവാൻ ക്ഷീര വികസന വകുപ്പിന് ലഭ്യമാക്കിയിട്ടുള്ള വാഹനം മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിച്ച് ദുരുപയോഗം ചെയ്തതിന് മലപ്പുറം ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് വാഹനത്തിന്റെ നിയന്ത്രണാധികാരിയായ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ശ്രീകുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനും ടിയാനിൽ നിന്നും ഇന്ധനം ഉപഭോഗം ഏറ്റവും കൂടുതൽ നടത്തിയ മാസത്തിലെ ഇന്ധനത്തിന്റെ വിലയുടെ 50 % ആയ 4,677/- രൂപ ഈടാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |

| | |
|---|---|
| 7 | ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ഔദ്യോഗിക ബോർഡ് പ്രദർശിപ്പിക്കണമെന്നും, ലോഗ് ബുക്കിൽ KFC റൂൾ പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തി കൊണ്ടുമാത്രമേ ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കാൻ പാടുള്ളൂവെന്നും ഉള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി മലപ്പുറം ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ വാഹനം ദുരുപയോഗം ചെയ്തതിന് വാടകയിനത്തിൽ വിനിയോഗിച്ച തുകയായ 25,000/- രൂപയുടെ പകുതിയായ 12,500 രൂപ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ ശ്രീ.ടി.പി.ഹൈദർ അലിയിൽ നിന്നും ഈടാക്കേണ്ടതാണ്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 8 | കരാറടിസ്ഥാനത്തിലെടുത്ത മലപ്പുറം ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ വാഹനം ദുരുപയോഗം ചെയ്തതിന് ജില്ലാ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറായ ശ്രീ.സുഗുണനെതിരെ വകുപ്പ് തലത്തിൽ കർശന അച്ചടക്ക നടപടി സ്വീകരിക്കുവാനും, പ്രതിമാസ വാടകയിനത്തിൽ വിനിയോഗിച്ച തുകയായ 30,000/- രൂപയുടെ പകുതിയായ 15,000/- രൂപ 18% പലിശ സഹിതം ടി ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാനുമുള്ള നടപടികൾ ശുപാർശ ചെയ്തു.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 9 | വ്യക്തിപരമായ ആവശ്യങ്ങൾക്കായും, ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്താതെയും മലപ്പുറം സോഷ്യൽ ഫോറസ്റ്ററി ഓഫീസിലെ വാഹന ദുരുപയോഗം വാഹനം ദുരുപയോഗം ചെയ്തതിന് ശ്രീ. പി.എൻ.പ്രേംചന്ദറിൽ നിന്നും ഇദ്ദേഹം ജോലി ചെയ്ത കാലയളവിൽ ഏറ്റവും കൂടുതൽ ഇന്ധനം ഉപഭോഗം നടത്തിയ 2018 ഫെബ്രുവരി മാസത്തിലെ ഇന്ധനത്തിന്റെ നിലവിലെ വിലയുടെ 50 % ആയ 6,220/- രൂപ ഈടാക്കുന്നതിന് ശുപാർശ ചെയ്തു.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 10 | പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് ഔദ്യോഗിക വാഹനം ദുരുപയോഗം -10,580/- രൂപ BDO യുടെ പക്കൽ നിന്നും ഈടാക്കുവാനും അച്ചടക്ക നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചു<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 11 | KLDC യ്ക്ക് കീഴിലുള്ള KL01 AE-5631 എന്ന വാഹനം Secretary in-charge ആയിരുന്ന ഓഫീസർ സ്വകാര്യ ആവശ്യത്തിന് ഉപയോഗിച്ചതിനാൽ 1,746/- രൂപ തിരികെ അടവ് വരുത്തുവാൻ നിർദ്ദേശിച്ചു<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 12 | ജില്ലാ കളക്ടറുടെ കാര്യാലയം, കോട്ടയം, ശ്രീമതി ശാന്തി എലിസബത്ത് തോമസ് (ഡെപ്യൂട്ടി കളക്ടർ, ആർ.ആർ) വാഹന ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് 9,371/- രൂപ റിക്കവറി ചെയ്യാൻ ശുപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 13 | ജില്ലാ കളക്ടറുടെ കാര്യാലയം, കോട്ടയം, ശ്രീ. കെ. രാജൻ (അഡീഷണൽ ജില്ല മജിസ്ട്രേറ്റ്) വാഹന ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് 10,300/-രൂപ റിക്കവറി ചെയ്യാൻ ശുപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |

| | |
|---|---|
| 14 | ജില്ലാ പഞ്ചായത്ത്, കോട്ടയം, ശ്രീ. റ്റി.ജെ. വർക്കി (ജില്ല പഞ്ചായത്ത് സെക്രട്ടറി, കോട്ടയം) വാഹന ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് 5,722/- രൂപ റിക്കവറി ചെയ്യാൻ ശുപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 15 | ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി, ശ്രീ. എം.എസ്., വിജയൻ<br>(ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ) വാഹന ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് 3,378/- രൂപ റിക്കവറി ചെയ്യാൻ ശുപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 16 | വൊക്കേഷണൽ ഹയർ സെക്കണ്ടറി ഓഫീസ്, എറണാകുളം, ലിജി ജോസഫ്, എറണാകുളം, മേഖലാ ഓഫീസർ പിഴത്തുകയായ 8,873/- രൂപ സർക്കാരിലേക്ക് അടവാക്കുകയും ശക്തമായ താക്കീത് നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിച്ചു |
| 17 | ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ് സുഹാസ് എസ്, IAS, സബ് കളക്ടർ, ഫോർട്ട് കൊച്ചി. വാഹന ദുരുപയോഗവുമായി ബന്ധപ്പട്ട് 82,456/- രൂപ റിക്കവറി ചെയ്യാൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 18 | ശ്രീ. ചന്ദ്രബാബു ജി., എറണാകുളം, ജില്ലാ ജയിൽ സൂപ്രണ്ട്.<br>വാഹന ദുരുപയോഗവുമായി ബന്ധപ്പെട്ട് 7,174/- രൂപ ടിയാളിൽ നിന്നും റിക്കവറി ചെയ്യാൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 19 | ശ്രീ. മധുലിമായ പി., ഡെപ്യൂട്ടി ഡയറക്ടർ, സർവ്വേയും, ഭൂരേഖയും വകുപ്പ്, എറണാകുളം. വാഹന ദുരുപയോഗവുമായി ബന്ധപ്പെട്ട് 6,269/- രൂപ ടിയാളിൽ നിന്നും റിക്കവറി ചെയ്യാൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 20 | ഹാർബർ എഞ്ചിനീയറിംഗ് സബ്-ഡിവിഷൻ ഓഫീസ് ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന് അനുവദിച്ച വാഹനം സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയിരുന്ന ശ്രീ. കെ. മോഹനൻ സ്വകാര്യ യാത്രകൾക്ക് ഉപയോഗിച്ചതായി കണ്ടെത്തി.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 21 | കോഴിക്കോട് താലൂക്ക് ഓഫീസ് അഡീഷണൽ തഹസിൽദാർ ആയിരുന്ന ശ്രീമതി ഇ. അനിതാകുമാരി ഔദ്യോഗിക വാഹനം വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ദൂരം ക്രമീകരിക്കുന്നതിന് ലോഗ് ബുക്കിൽ കൃത്രിമം കാട്ടുകയും ചെയ്തു.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 22 | കോഴിക്കോട് താലൂക്ക് ഓഫീസ് അഡീഷണൽ തഹസിൽദാർ ആയിരുന്ന ശ്രീ.കെ. ബാലൻ ഔദ്യോഗിക വാഹനം വ്യക്തിപരമയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ദൂരം ക്രമീകരിക്കുകയും ലോഗ് ബുക്കിൽ കൃത്രിമം കാട്ടുകയും ചെയ്തു.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |

| | |
|---|---|
| 23 | കോഴിക്കോട് ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ് പ്രോജക്ട് ഓഫീസർ ശ്രീ. കെ.പി. ദിനേഷ് കുമാർ ലോഗ് ബുക്കിൽ രേഖപ്പെടുത്താതെ സ്വകാര്യ ആവശ്യത്തിന് വാഹനം ഉപയോഗിച്ചതായി കണ്ടെത്തി.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 24 | കോഴിക്കോട് കൃഷി ഓഫീസറായിരുന്ന ശ്രീമതി രജനി മുരളീധരൻ ഔദ്യോഗിക വാഹനം ലോഗ് ബുക്ക് എഴുതി സൂക്ഷിക്കാതെ ഉപയോഗിച്ചതായി കണ്ടെത്തി.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 25 | പാലക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതിന് പിഴയായി ടി കാലയളവിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരായി സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീ. സി വിജയൻ, ശ്രീ. മനോജിത്ത് പസന്ത് എന്നിവരിൽ നിന്നും 5323/- രൂപ തുല്യമായി ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിലേയ്ക്ക് മുതൽ കൂട്ടുന്നതിനും വാഹനത്തിന്റെ ഡ്രൈവർമാരായി ജോലി നോക്കിയിരുന്ന ശ്രീ. വിജയൻ, ശ്രീ. കൃഷ്ണകുമാർ എന്നിവർക്ക് ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാനും വകുപ്പ് തലത്തിൽ കർശനമായ താക്കീത് നിർദ്ദേശിച്ചിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 26 | മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗത്തിലും ബന്ധപ്പെട്ട രേഖകളുടെ പരിപാലനത്തിലും വീഴ്ച വരുത്തിയതിന് പിഴയായി ടി കാലയളവിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ഇൻ ചാർജ്ജ്മാരായി സേവനം അനുഷ്ഠിച്ച ശ്രീ. മനോജിത്ത് പസന്ത്, ശ്രീ. ടി പി ഉണ്ണി എന്നിവരിൽ നിന്നും 7,431/- രൂപ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിലേയ്ക്ക് മുതൽ കൂട്ടുന്നതിനും വാഹനത്തിന്റെ ഡ്രൈവറായ ശ്രീ. എം. കൃഷ്ണകുമാറിനെതിരെ വകുപ്പ് തലത്തിൽ കർശനമായ താക്കീത് നൽകുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 27 | പാലക്കാട് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസിലെ ഔദ്യോഗിക വാഹനങ്ങൾ ദുരുപയോഗം ചെയ്തതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 24,831/- രൂപ പിഴയായി ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിലേയ്ക്ക് മുതൽ കൂട്ടുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 28 | മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ വാഹനം ദുരുപയോഗം ചെയ്തതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 3,06,525/- രൂപ ഈടാക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. വാഹനം സ്വകാര്യ ആവശ്യത്തിനായി ഉപയോഗിച്ചതിന് 3,360/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. കെ.എൻ ശിവദാസനിൽ നിന്ന് ഈടാക്കുന്നതിനും വാഹന ദുരുപയോഗത്തിന്റെ പിഴയായി ശ്രീ കെ. എൻ ശിവദാസൻ, ശ്രീമതി സ്മിത ബാലകൃഷ്ണൻ എന്നിവരിൽ നിന്നും 6,113/- രൂപ തുല്യമായി ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽ കൂട്ടുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 29 | പാലക്കാട് പി.ഡബ്ല്യൂ.ഡി ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ജില്ലാ ലബോറട്ടറി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ടാക്സി പെർമിറ്റ് ഇല്ലാത്ത വാഹനം വാടകയ്ക്കെടുത്ത് ഔദ്യോഗിക യാത്രകൾക്ക് ഉപയോഗിക്കുകയും ഈയിനത്തിൽ |

| | |
|---|---|
| | ചെലവഴിച്ച തുക സർക്കാർ ഖജനാവിൽ നിന്നും റീ ഇംബേഴ്സ്മെന്റിലൂടെ വാങ്ങിയെടുക്കുകയും ചെയ്ത ടി കാര്യാലയത്തിലെ തൽസമയങ്ങളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ. ഷിനോജ് ജോയ് പി., ശ്രീമതി ഫെമിന പി. എന്നിവർക്കെതിരെ വകുപ്പ് തലത്തിൽ കർശനമായി അച്ചടക്ക നടപടികൾ കൈക്കൊള്ളേണ്ടതും ഈയിനത്തിൽ കൈപ്പറ്റിയ 26,430/- രൂപ തുക കൈപ്പറ്റിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് തിരികെ ഒടുക്കുന്നതിന് ശിപാർശ ചെയ്തിരിക്കുന്നു.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 30 | ചെങ്ങന്നൂർ തഹസിൽദാർ, അഡീഷണൽ തഹസിൽദാർ എന്നിവരുടെ വാഹന ദുരുപയോഗം കണ്ടെത്തിയതിനെ തുടർന്ന് 9,709/-രൂപ ചെങ്ങന്നൂർ തഹസിൽദാർ ശ്രീ. പി.എൻ. സാനുവിൽ നിന്നും ഈടാക്കാൻ ശുപാർശ നൽകി.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 31 | ആറന്മുള എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിന്റെ വാഹന ദുരുപയോഗം കണ്ടെത്തിയതിനെ തുടർന്ന് 1,677/- രൂപ പ്രിൻസിപ്പൽ ശ്രീമതി. പ്രസീത ലക്ഷ്മിയിൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്തു.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |
| 32 | ലോഗ് ബുക്കിൽ നിയമനാനുസൃതമായ രേഖപ്പെടുത്തലുകളില്ലാതെ അനൗദ്യോഗിക യാത്ര നടത്തിയ ആലപ്പുഴ ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ശ്രീദേവി എസ്. ൽ നിന്നും 1,417/- രൂപ ഈടാക്കുവാൻ ഡി. എം. ഒ യോട് നിർദ്ദേശിച്ചു.<br>(ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല) |